# 6

# പത്തു കല്പനകൾ

1. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്.
2. നിങ്ങൾ ഒരു വിഗ്രഹം ഉണ്ടാക്കരുത്; ...
3. നിങ്ങൾ യഹോവയുടെ നാമം വൃഥാ എടുക്കരുത്, ...
4. ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ...
5. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക, ...
6. കുല ചെയ്യരുത്.
7. വ്യഭിചാരം ചെയ്യരുത്.
8. മോഷ്ടിക്കരുത്.
9. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്.
10. മോഹിക്കരുത്.

പുറപ്പാട് 20:1-17

യിസ്രായേൽ ദേശത്തിനു ദൈവം കൊടുത്ത ന്യായപ്രമാണത്തിൽ (ആവർത്തന പുസ്തകം 4:7, 8) ''കല്പനകൾ,'' ''ചട്ടങ്ങൾ,'' "സാക്ഷ്യങ്ങൾ," "വിധികൾ," "ഉടമ്പടി" യുടെ ഹൃദയഭാഗമായ പത്തു കല്പനകളും ഉൾപ്പെടുന്നു. ''ന്യായപ്രമാണം'' എന്നതു സൂചിപ്പിക്കുന്നതു ദൈവത്തിന്റെ ഏതെങ്കിലും നിയമങ്ങളെ, പത്തുകല്പനകളെയടക്കം പറയുന്നതിനാണ്. അതിന്റെ നല്ലൊരു സൂചന സങ്കീർത്തനങ്ങൾ 119-ൽ നാം കാണുന്നുണ്ട്. ഈ സങ്കീർത്തനങ്ങൾ ദാവീദ് പത്തു കല്പനകൾ എന്നോ നിയമം എന്നോ ഇവിടെ പറയുന്നില്ലെങ്കിലും അവൻ അതിൽ "ന്യായപ്രമാണം" എന്നും (വാ. 1), "സാക്ഷ്യങ്ങൾ" എന്നും (വാ. 2), "പ്രമാണങ്ങൾ" എന്നും (വാ. 4), "ചട്ടങ്ങൾ" എന്നും (വാ. 5), "കല്പനകൾ" (വാ. 6), എന്നും വിധികൾ എന്നും (വാ. 7), ''വചനങ്ങൾ'' എന്നും (വാ. 16). ഉപയോഗിച്ചിരിക്കുന്നു (തർജ്ജിമകളിൽ വ്യത്യാസം ഉണ്ടാകും).

ദൈവം യിസ്രായേലിന്നു നല്കിയ നിയമത്തിൽ പത്തുകല്പനകളും ഉൾപ്പെടുന്നു. അവ എങ്ങനെ നല്കി എന്നു വിവരിക്കുന്നതിനു മുൻപു (ആവർത്തന പുസ്തകം 5:6-21), ഈ പ്രസ്താവന കാണുന്നു. "മോശെ യിസ്രായേൽ മക്കളുടെ മുൻപിൽ വെച്ച ന്യായപ്രമാണം ഇതു തന്നേ. യിസ്രായേൽമക്കൾ മിസ്രയിമിൽ നിന്നു പുറപ്പെട്ട ശേഷം മോശെ യോർദ്ദാനക്കാരെ ഹെശ്ബോനിൽ

പാർത്തിരുന്ന അമോര്യ രാജാവായ സീഹോന്റെ ദേശത്ത് ബേത്ത്പെയോരിനെതിരെയുള്ള താഴ്വരയിൽ വെച്ചും അവരോടു ചെയ്ത സാക്ഷ്യങ്ങളും ചട്ടങ്ങളും വിധികളും ഇവ തന്നെ'' (ആവർത്തന പുസ്തകം 4:44, 45).

ന്യായപ്രമാണം കൊടുക്കുന്നതിനു മുൻപു ആമുഖമായി മോശെയുടെ ആവർത്തനപുസ്തകം 5:1, 2 ലെ പ്രസ്താവനകൾ സൂചിപ്പിക്കുന്നത് പത്തുകല്പനകൾ എന്നതു ''ചട്ടങ്ങളും,'' "വിധികളും" ആയി പരിഗണിക്കണം എന്നാണ്: "യിസ്രായേലേ, ഞാൻ ഇന്നു നിങ്ങളെ കേൾപ്പിക്കുന്ന ചട്ടങ്ങളും വിധികളും കേൾപ്പിൻ; അവയെ പഠിക്കയും പ്രമാണിച്ചനുസരിക്കുകയും ചെയ്വിൻ. നമ്മുടെ ദൈവമായ യഹോവ ഹോരേബിൽ വെച്ചു നമ്മോടു ഒരു നിയമം ചെയ്തുവല്ലൊ."

യിസ്രായേൽ ദേശത്തെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതിനു ആവശ്യമായ പ്രമാണങ്ങൾ ആയിരുന്നു ന്യായപ്രമാണത്തിലുണ്ടായിരുന്നത്. രണ്ടാമത്തെ കല്പനയിൽ ന്യായപ്രമാണത്തിന്റെ സ്വഭാവം കാണാം, അതിൽ വാഗ്ദാനം ചെയ്തിരിക്കുന്നത് "എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയകാണിക്കയും ചെയ്യുന്നു" (ആവർത്തന പുസ്തകം 5:10).

ദൈവം യിസ്രായേലിനോടു എങ്ങനെ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു കാണിക്കുന്ന അടിസ്ഥാന രേഖയാണ് പത്തു കല്പനകൾ. പത്തിൽ എട്ടു കല്പനകളും നിഷേധരൂപത്തിലുള്ളവയാണ് "ചെയ്യരുത്" എന്ന പദപ്രയോഗമാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത് നാലാമത്തേതും അഞ്ചാമത്തേതും ആണ് ക്രിയാത്മകമായവ: "ശബ്ബത്തു - നാൾ ആചരിക്ക" എന്നതും "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നതും. പത്തു കല്പനകൾ എല്ലാം ചുരുക്കമായും ലളിതമായും പറഞ്ഞിരിക്കുന്നു, അവയുടെ വിസ്തൃതിയെ നിർവ്വചിക്കാതെ എങ്ങനെ നടപ്പിലാക്കണം എന്നു പറഞ്ഞിരിക്കുന്നു.

നിയമം നടപ്പിൽ വരുത്തുന്നതിനെക്കുറിച്ചു ചോദ്യങ്ങൾ തീർച്ചയായും ഉത്ഭവിച്ചേക്കാം: ''ഓരോ കല്പനയിലും അടങ്ങിയിരിക്കുന്നതെന്ത്?"; "കല്പനകൾ ലംഘിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്?"; "കല്പനകൾ നാം ലംഘിച്ചോ ഇല്ലയോ എന്നു നമുക്ക് എങ്ങനെ അറിയാം?"; "കല്പന ലംഘിക്കുന്നവരെ എങ്ങനെ ശിക്ഷിക്കും?" അത്തരം ചോദ്യങ്ങൾ പരിഗണിക്കേണ്ടതാണ്. സാക്ഷ്യങ്ങളും, പ്രമാണങ്ങളും, ചട്ടങ്ങളും കല്പനകളും, വിധികളും എല്ലാം ആ ഉദ്ദേശത്തോടെ നല്കിയിരിക്കുന്നതാണ് (ആവർത്തന പുസ്തകം 4:14 നോക്കുക). ഈ ചട്ടങ്ങളും, വിധികളും, പ്രമാണങ്ങളും ഇല്ലാതായാൽ നിയമം ബലഹീനമാകും, മതിയായ വിവരണങ്ങൾകൂടാതെ അവ എങ്ങനെ പ്രാബല്യത്തിൽ വരുത്തും. വിപുലീകരിച്ച പ്രസ്താവനകളിൽ ഏതെങ്കിലും ഒന്നു ലംഘിക്കുന്നതു കല്പന ലംഘിക്കുന്നതാണ്. കാരണം അനുബന്ധ നിർദ്ദേശങ്ങൾ

യിസ്രായേലിന്നു നല്കിയതു പത്തു കല്പനകളുടെ പരിമിതികൾ അവരെ ബോധ്യപ്പെടുത്തുവാനാണ്.

മിക്ക കല്പനകളും ലംഘിച്ചാൽ മരണ ശിക്ഷയാണു. ഇതിനു ഒഴികഴിവുള്ളത്, മോഷണം, നുണ, മോഹം എന്നിവയായിരുന്നു. മോഷണം പോലും ഒരു വ്യക്തിയെ അപഹരിക്കയാണെങ്കിൽ (കടത്തിക്കൊണ്ടുപോകൽ) മരണമാണ് ശിക്ഷ (പുറപ്പാട് 21:16; ആവർത്തനപുസ്തകം 24:7). അതുപോലെ അത്യാഗ്രഹവും മറ്റുകല്പനകളെ ലംഘിക്കുകയാണെങ്കിൽ ശിക്ഷ മരണമാകും.

© 2009 Truth for Today